**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 885 11.06.2014 ൽ മറുപടിക്ക്

**കൊരട്ടി വൈഗാ ത്രഡ്സ് പ്രോസസേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് - ലെ തൊഴിൽ പ്രശ്നങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി. ഡി. ദേവസ്സി എം. എൽ. എ | ശ്രീ. ഷിബു ബേബി ജോൺ<br>(ബഹു തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും വ്യവസായ വകുപ്പ്, തൊഴിൽ വകുപ്പ്, റവന്യൂ വകുപ്പ് മന്ത്രിമാരുടെയും സാന്നിദ്ധ്യത്തിൽ നടത്തിയ വിവിധ ചർച്ചകൾക്ക് ശേഷവും കൊരട്ടി വൈഗാ ത്രഡ്സ് പ്രോസസേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് - ലെ തൊഴിൽ പ്രശ്നങ്ങൾ പരിഹരിക്കാതെ നിലനില്ക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | ഉണ്ട്. |
| (ബി) വിവിധ ചർച്ചകളിലുണ്ടായ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിനും തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും അടിയന്തിര നടപടികൾ സ്വീകരിക്കുമോ ; | സ്വീകരിച്ചുവരികയാണ്. |
| (സി) സ്വീകരിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ? | 03/04/2013, 03/07/2013 എന്നീ തീയതികളിൽ ബഹു. മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ നടത്തിയ യോഗങ്ങൾക്ക് ശേഷം 10/09/2013 തീയതിയിൽ ബഹു. റവന്യു വകുപ്പ് മന്ത്രി വിളിച്ചുചേർത്ത യോഗത്തിൽ സർക്കാർ മാനേജ്മെന്റിന്റെ കൂടെ കക്ഷി ചേർന്നുകൊണ്ട് കർണ്ണാടക ഹൈക്കോടതിയിൽ ജോയിന്റ് പെറ്റീഷൻ ഫയൽ ചെയ്യണമെന്നും ഇതിന് വ്യവസായ വകുപ്പ് അടിയന്തിര മേൽ നടപടി സ്വീകരിക്കേണ്ടതാണെന്നും തീരുമാനിച്ചിട്ടുണ്ട്. അപ്രകാരം ജോയിന്റ് പെറ്റീഷൻ ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |

| | |
|---|---|
| | കൂടാതെ കമ്പനിയുടെ കൈവശമിരിക്കുന്ന ഭൂമിയും കെട്ടിടങ്ങളും സർക്കാരിലേയ്ക്ക് ഏറ്റെടുക്കാനും തീരുമാനിച്ചിട്ടുണ്ട്..<br><br>കമ്പനി അടച്ചുപൂട്ടുന്നതുമായി ബന്ധപ്പെട്ട് കർണ്ണാടക ഹൈക്കോടതിയിൽ നിലവിലുള്ള കേസിൽ യൂണിയനുകളും സത്യവാങ്മൂലം സമർപ്പിക്കണമെന്ന് ആവശ്യപ്പെട്ട് മാനേജ്മെന്റ് 19/04/2014-ന് നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ ടി വിവരം യൂണിയനുകളെ അറിയിച്ചിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ